**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**(സംഗ്രഹം)**

ഇടുക്കി ജില്ലയിൽ, ഉടുമ്പൻചോല താലൂക്കിൽ പൂപ്പാറ കേന്ദ്രമാക്കി ആരംഭിക്കുന്ന ഗവൺമെന്റ് കോളേജ്, ശാന്തൻപാറ-യ്ക്ക്, 2018-19 അദ്ധ്യയന വർഷം മുതൽ താത്ക്കാലിക അഫിലിയേഷൻ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ1 വിഭാഗം**

നം. 6627/എ1/1/2018/അക്കാദമിക് തീയതി, പ്രിയദർശിനി ഹിൽസ്, 11.09.2018

---

പരാമർശം : 1. സർക്കാർ ഉത്തരവ് (കൈ) നം.202/18/ഉ.വി.വ തീയതി 18.08.2018.

2. 30.08.2018 തീയതിയിൽ സർവ്വകലാശാലയിൽ ലഭിച്ച ഡയറക്ടർ ഓഫ് കോളേജിയേറ്റ് എഡ്യൂക്കേഷന്റെ അപേക്ഷ.
3. 30.08.2018 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ എക്സ്ട്രാക്റ്റ് ഇനം നം. ഒ.എ. 10/18.07 പ്രകാരമുള്ള തീരുമാനം.
4. സർവ്വകലാശാലാ ഉത്തരവ് നം. 6399/എ1/1/2018/അക്കാദമിക് തീയതി 03.09.2018
5. No.GS5-3032/2018 Dated 03.09.2018 പ്രകാരം Principal Secretary to Chancellor പുറപ്പെടുവിച്ച വിജ്ഞാപനം.
6. സർവ്വകലാശാലാ ഉത്തരവ് നം.6451/എ1/2018/അക്കാദമിക് തീയതി 04.09.2018.

**<u>ഉത്തരവ്</u>**

2018-19 അദ്ധ്യയന വർഷം, ഇടുക്കി ജില്ലയിൽ ഉടുമ്പൻചോല നിയോജക മണ്ഡലത്തിൽ ശാന്തൻപ്പാറ പഞ്ചായത്തിൽ പൂപ്പാറ കേന്ദ്രമാക്കി ഒരു ഗവണ്മെന്റ് ആർട്ട്സ് ആന്റ് സയൻസ് കോളേജ് താഴെപ്പറയുന്ന പ്രോഗ്രാമുകളോടുകൂടി ആരംഭിക്കുന്നതിന്, മേൽ പരാമർശം (1) പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു.

| ക്രമ നം. | പ്രോഗ്രാം | സീറ്റുകളുടെ എണ്ണം |
|---|---|---|
| 1 | ബി.എസ്.സി. മാത്തമാറ്റിക്സ് | 30 |
| 2 | ബി.കോം (കോമേഴ്സ്) | 40 |
| 3 | ബി.എ. ഇംഗ്ലീഷ് ലിറ്ററേച്ചർ | 30 |

സർവകലാശാല സ്റ്റാറ്റ്യൂട്ട് 1997 അനുസരിച്ച് 2018-19 അദ്ധ്യയനവർഷം ആരംഭിക്കേണ്ട കോളേജുകൾ 2017 ആഗസ്റ്റ് 31ന് മുമ്പ് അപേക്ഷ സമർപ്പിക്കേണ്ടതാണ്. എന്നാൽ, ടി കോളേജിനുവേണ്ടി മേൽ പരാമർശം (2) പ്രകാരം, നിർദ്ദിഷ്ട ഫീസ് സഹിതം വൈകിയാണ് അപേക്ഷ സമർപ്പിച്ചത്. മഹാത്മഗാന്ധി സർവ്വകലാശാല ആക്ട് 1985, വകുപ്പ് 58 പ്രകാരം താമസിച്ച് ലഭിക്കുന്ന അഫിലിയേഷൻ അപേക്ഷകൾ ചാൻസിലറുടെ അനുമതിയോടു കൂടി പരിഗണിക്കാമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ ടി അപേക്ഷയിൽ പരാമർശം (3) പ്രകാരം എടുത്ത തീരുമാനങ്ങൾ പരാർശം (4) പ്രകാരം ഉത്തരവായി പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

ടി കോളേജിന്റെ അഫിലിയേഷന് വേണ്ടി വൈകി സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നതിന് 25.09.2018 വരെ സമയം നീട്ടി നല്കികൊണ്ട് പരാമർശം (5) പ്രകാരം ബഹു.ചാൻസിലറുടെ അനുമതി ലഭിക്കുകയുണ്ടായി.

തദനുസരണം, പരാമർശം (6) പ്രകാരം, കോളേജ് തുടങ്ങുന്നതിന് ആവശ്യമായ പഠന ഭൗതിക സൗകര്യങ്ങൾ വിലയിരുത്തുന്നതിനായി പരിശോധനാ സമിതിയെ നിയോഗിക്കുകയും ടി സമിതി താഴെ പറയും പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു.

''1. പഠന-ഭൗതിക സാഹചര്യങ്ങൾ രണ്ട് വർഷത്തിനുള്ളിൽ ക്രമീകരിക്കും എന്നത് സംബന്ധിച്ച് കോളേജ് അധികൃതർ സർവ്വകലാശാലയ്ക്ക് സത്യവാങ്മൂലം സമർപ്പിക്കേണ്ടതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ 2018-19 അദ്ധ്യയന വർഷത്തേക്ക് സർക്കാർ അനുവദിച്ച പ്രോഗ്രാമുകളോടുകൂടി കോളേജിന് താല്ക്കാലികമായി അഫിലിയേഷൻ നൽകാവുന്നതാണ്.

2. 2018-19 അദ്ധ്യയന വർഷത്തേയ്ക്കുള്ള CAP നടപടികൾ അവസാനിക്കുന്നതിനാൽ 2018-19 വർഷത്തേയ്ക്കുള്ള അഡ്മിഷൻ, ചട്ടങ്ങൾക്ക് വിധേയമായി അപേക്ഷ സ്വീകരിച്ച് അഡ്മിഷൻ നടത്താൻ കോളേജിനെ അനുവദിക്കാവുന്നതാണ് ''.

പരിശോധനാ സമിതി റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ള വ്യവസ്ഥകൾ അംഗീകരിച്ചുകൊണ്ട് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സത്യവാങ്മൂലം സമർപ്പിച്ചതിനാൽ പരിശോധനാ സമിതിയുടെ റിപ്പോർട്ട് സർവ്വകലാശാല പരിഗണിച്ച്, മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം 3, വകുപ്പ് 10(17) പ്രകാരം വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിൽ, ഉടുമ്പൻചോല താലൂക്കിൽ പൂപ്പാറ കേന്ദ്രമാക്കി **ഗവൺമെന്റ് കോളേജ്, ശാന്തൻപാറയ്ക്ക്,** 2018-19 അദ്ധ്യയന വർഷം മുതൽ രണ്ട് വർഷത്തേയ്ക്ക് താഴെപ്പറയുന്ന പ്രോഗ്രാമുകളോടുകൂടി വ്യവസ്ഥകൾക്ക് വിധേയമായി താല്ക്കാലിക അഫിലിയേഷൻ നൽകി ഉത്തരവാകുന്നു.

| ക്രമ നം. | പ്രോഗ്രാം | സീറ്റുകളുടെ എണ്ണം |
|---|---|---|
| 1 | ബി.എസ്.സി. മാത്തമാറ്റിക്സ് (മോഡൽ 1) (കോംപ്ലിമെന്ററി വിഷയം - സ്റ്റാറ്റിസ്റ്റിക്സ്, ഫിസിക്സ്) | 30 |
| 2 | ബി.കോം (കോ-ഓപ്പറേഷൻ) (മോഡൽ 1) | 40 |
| 3 | ബി.എ. ഇംഗ്ലീഷ് ലാംഗ്വേജ് & ലിറ്ററേച്ചർ (മോഡൽ 1) (കോംപ്ലിമെന്ററി വിഷയം - ഹിസ്റ്ററി, സോഷ്യോളജി) | 30 |

മേൽപ്പറഞ്ഞ മൂന്ന് പ്രോഗ്രാമുകൾക്കും ഹിന്ദി, തമിഴ്, മലയാളം എന്നിവ കോമൺ കോഴ്സ് 2 ആയി അനുവദിക്കുന്നതാണ്.

മുകളിൽ അനുവദിച്ച താല്ക്കാലിക അഫിലിയേഷനും പ്രോഗ്രാമുകളിലേയ്ക്കുള്ള പ്രവേശനവും താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായിരിക്കും.

1. കോളേജ് ആരംഭിക്കുന്നതിന് ആവശ്യമായ റവന്യൂ ഭൂമി സർക്കാരിൽ നിന്നും കോളേജിനായി ലഭ്യമാക്കണം.
2. താല്ക്കാലികമായി ഒന്നാം സെമസ്റ്റർ ആരംഭിക്കുന്നതിനുള്ള കെട്ടിട സൗകര്യം ക്രമീകരിക്കണം.
3. കോളേജിനാവശ്യമായ ലബോറട്ടറി, ലൈബ്രറി സൗകര്യങ്ങൾ ക്രമീകരിക്കണം. ലൈബ്രറിയിലേയ്ക്ക് വിഷയ വിദഗ്ദർ നിർദ്ദേശിച്ചിട്ടുള്ള 300 പുസ്തകങ്ങൾ വാങ്ങിക്കണം.
4. ആവശ്യമായ ശുചിമുറി സൗകര്യങ്ങൾ ക്രമീകരിക്കണം.
5. നിർദ്ദിഷ്ട സ്ഥലത്ത് കളിസ്ഥലം ക്രമീകരിക്കണം.
6. പഠന ഭൗതിക സാഹചര്യങ്ങൾ പൂർണ്ണമായും രണ്ട് വർഷത്തിനുള്ളിൽ ക്രമീകരിക്കണം.

7. താല്ക്കാലിക അഫിലിയേഷൻ രണ്ട് വർഷത്തേയ്ക്ക് മാത്രമുള്ളതാണ്. മേൽ വ്യവസ്ഥകളുടെ പൂർത്തീകരണത്തിന് വിധേയമായി അഫിലിയേഷൻ നീട്ടി നൽകാവുന്നതാണ്.

8. സർവ്വകലാശാലാ ആക്ട് 1985, സ്റ്റാറ്റ്യൂട്ട് 1997 എന്നിവയിൽ നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് താല്ക്കാലിക അഫിലിയേഷൻ നൽകിയിരിക്കുന്നത്.

9. സർക്കാർ/സർവ്വകലാശാലാ നിഷ്കർഷിച്ചിരിയ്ക്കുന്ന മെറിറ്റ്/സംവരണ മാനദണ്ഡങ്ങൾക്ക് അനുസൃതമായിട്ടായിരിക്കും ടി കോഴ്സിലേയ്ക്കുള്ള പ്രവേശനം.

10. വിദ്യാർത്ഥികളിൽ നിന്നും കാലാകാലങ്ങളിൽ സർവ്വകലാശാലാ നിശ്ചയിക്കുന്ന നിരക്കിൽ ഫീസുകൾ ഈടാക്കി സർവ്വകലാശാലയിൽ അടയ്ക്കേണ്ടതാണ്

11. ടി കോഴ്സുകൾ നടത്തേണ്ടതു സർവ്വകലാശാല അംഗീകരിച്ച സ്കീമും സിലബസും പ്രകാരമായിരിക്കണം. ടി കോളേജിൻെറ പ്രിൻസിപ്പൽ, അനുവദിച്ച സീറ്റുകളിലേയ്ക്കു മാത്രമേ പ്രവേശനം നടത്താവൂ. വിദ്യാർത്ഥികളെ, സർവ്വകലാശാലാ നിയമ പ്രകാരം പരീക്ഷയ്ക്കു തയ്യാറാക്കുകയും അഫിലിയേഷൻ അനുവദിച്ച കോഴ്സിലേയ്ക്ക് തന്നെ പരീക്ഷയ്ക്ക് ഇരുത്തുകയും വേണം.

12. കോളേജ് അഫിലിയേഷൻ ഫീസിനത്തിൽ 1,00,000/- രൂപയും, കോഴ്സ് അഫിലിയേഷൻ ഫീസ് ഇനത്തിൽ കോഴ്സ് ഓരോന്നിനും 10,000/- രൂപ വീതവും അടയ്ക്കേണ്ടതാണ്.

മേൽപ്പറഞ്ഞ വ്യവസ്ഥകൾക്കും സർവ്വകലാശാലാ നിയമങ്ങൾക്കും വിധേയമായിട്ടായിരിക്കണം കോളേജ് നടത്തേണ്ടത്. അല്ലാത്ത പക്ഷം കോളേജിന്റെ അഫിലിയേഷൻ പിൻവലിക്കുന്നതായിരിക്കും.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
രമേഷ് രാഘവൻ
ഡെപ്യൂട്ടി രജിസ്ട്രാർ I (അക്കാദമിക വിഭാഗം)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്:

1. പ്രിൻസിപ്പൽ, ഗവ.കോളേജ്, ശാന്തൻപാറ
2. പിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
3. ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് കോളേജിയേറ്റ് എഡ്യൂക്കേഷൻ, തിരുവനന്തപുരം
4. ഡെപ്യൂട്ടി ഡയറക്ടർ, കോളേജിയേറ്റ് എഡ്യുക്കേഷൻ, കോട്ടയം/ഇടുക്കി
5. വൈസ് ചാൻസിലർ/പ്രൊ-വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
6. രജിസ്ട്രാർ/കൺട്രോളർ ഓഫ് എക്സാമിനേഷൻസ്/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ. മാർ
7. ജെ.ആർ/ഡി.ആർ/എ.ആർ (പരീക്ഷാ/അക്കാദമിക്/ഭരണം/ഫിനാൻസ്)
8. ഗവ.ഓഡിറ്റർ
9. എസി.എ 5/6/8/9/ഇലക്ഷൻ/എസി.ഡി/എസ്.സി. എസ്.ടി സെൽ
10. ഇ.എ/ഇ.ബി/സി.റ്റി. & ഡി സെക്ഷനുകൾ/മോണിറ്ററിംഗ് സെൽ
11. തപാൽ(പൊതു/പരീക്ഷാ)/ഡെസ്പാച്ച് (പൊതു/പരീക്ഷാ)/കോൺഫിഡൻഷിയൽ ഡെസ്പാച്ച്
12. പി.ആർ.ഒ/കൺസെൻറ് മാനേജ്മെൻറ് സെക്ഷൻ/ഐ.ക്യു.എ.സി.
13. എസി.സി.1/എസി.സി.2/എൻക്വയറി/ഇൻഫർമേഷൻ സെൻററുകൾ
14. ബന്ധപ്പെട്ട ടാബുലേഷൻ സെക്ഷൻ
15. കരുതൽ ഫയൽ/ഫയൽ കോപ്പി/റെക്കോർഡ്സ്

ഫയൽ നം. എസി.എ1/1/5419/2018

MAHATMA GANDHI UNIVERSITY KOTTAYAM

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം